"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - പൊന്നാനി നഗരസഭയിലെ ക്രമക്കേടുകൾ സംബന്ധിച്ച വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധന റിപ്പോർട്ട് - സെക്ഷൻ ക്ലർക്ക് ശ്രീ. ബിഹാസ്.ജെ., സൂപ്രണ്ട് ശ്രീ. മുഹമ്മദ് നിസാർ എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി- തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2415/2023/LSGD തീയതി,തിരുവനന്തപുരം, 05-12-2023

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 20.06.2016 തീയതിയിലെ ഇ10(എസ്.സി. 16/15/എം.പി.എം) 22475/2015 നമ്പർ കത്ത്
2. 25.04.2020 തീയതിയിലെ ഇയു2-128/2017-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
3. നഗരകാര്യഡയറക്ടറുടെ 01.10.2020 തീയതിയിലെ V2/12685/17 നമ്പർ കത്ത്.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 15.11.2023 തീയതിയിലെ LSGD/PD/64394/2023-VIGD3 നമ്പർ കത്ത്.

**ഉത്തരവ്**

പൊന്നാനി നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 06.08.2015 ൽ നടത്തിയ മിന്നൽ പരിശോധനയിൽ, ചമ്രവട്ടം എന്ന സ്ഥലത്തെ ശരവണ ഹോട്ടൽ കെട്ടിടത്തിലെ അനധികൃത നിർമ്മാണം സംബന്ധിച്ച ഫയൽ (ഇ3/10238/15) നഷ്ടപ്പെട്ടതായി കണ്ടെത്തുകയും, ആയതിന് പ്രസ്തുത ഫയൽ കൈകാര്യം ചെയ്ത ശ്രീ. ബിഹാസ്, യു ഡി ക്ലാർക്ക്, ഉത്തരവാദിയാണെന്ന് കണ്ടെത്തിയതിന്റെയടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നതനുസരിച്ച് പ്രസ്തുത ക്രമക്കേടുകൾക്ക് സെക്ഷൻ ക്ലർക്ക് ശ്രീ. ബിഹാസ്. ജെ., സൂപ്രണ്ട് ശ്രീ.മുഹമ്മദ് നിസാർ എന്നിവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണമെമ്മോ നൽകിയിരുന്നു.

2. കുറ്റാരോപണമെമ്മോയ്ക്ക് ശ്രീ. ബിഹാസ് സമർപ്പിച്ച മറുപടി പ്രകാരം ഫയൽ കാണാതായതായി ആരോപിച്ചിരിക്കുന്ന കാലയളവിൽ ടി സെക്ഷനിൽ നിന്നും ടിയാന് മാറ്റം നല്കിയിട്ടുള്ളതായും, മാറ്റം നല്കിയതിനു ശേഷം 11.05.2015 ൽ ഈ ഫയലിൽ നിന്നും നോട്ടീസ് നല്കിയിട്ടുള്ളതായും 06/06/2015 ൽ ഇതേ നമ്പരിൽ പുതിയ ഫയൽ ബന്ധപ്പെട്ട സെക്ഷനിൽ നിന്നും ആരംഭിച്ചിട്ടുള്ളതായും ടിയാന്റെ മറുപടിയിൽ രേഖപ്പെടുത്തിയിരുന്നു.

3. നഗരകാര്യഡയറക്ടർ ലഭ്യമാക്കിയ പരാമർശം 3 കത്ത് പ്രകാരം പൊന്നാനി നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.മുഹമ്മദ് നിസാർ 31.03.2017-ൽ തിരുവനന്തപുരം നഗരസഭയിൽ നിന്ന് സൂപ്രണ്ട് തസ്തികയിൽ വിരമിച്ചിട്ടുള്ളതാണെന്ന് അറിയക്കുന്നതോടൊപ്പം, ടിയാന് നൽകിയിരുന്ന കുറ്റാരോപണമെമ്മോ മടക്കി ലഭ്യമാക്കിയിരുന്നു.

4. ഇക്കാര്യത്തിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 4 റിപ്പോർട്ട് പ്രകാരം പൊന്നാനി നഗരസഭയിൽ 25.08.2014 മുതൽ 29.06.2015 വരെയുള്ള കാലയളവിൽ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ബിഹാസിനെ സെക്രട്ടറിയുടെ 30.04.2015 ലെ ജി1/17206/2011 ലെ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇ3 സെക്ഷനിൽ നിന്നും ജി1 സെക്ഷനിലേക്ക് മാറ്റി നിയമിച്ചതു പ്രകാരം ടിയാൻ 30.04.2015 മുതൽ ജി1 സെക്ഷന്റെ ചുമതലയാണ് വഹിച്ചിരുന്നത്. പൊന്നാനി നഗരസഭയിലെ അനധികൃത നിർമ്മാണം സംബന്ധിച്ച പരാതിയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 06.08.2015 ൽ നടത്തിയ മിന്നൽ പരിശോധന സമയത്ത് ഇ3-സെക്ഷന്റെ ചുമതല ശ്രീ.ടി.പി.നിസ്സാർ എന്നവർക്കായിരുന്നു. ആയതിനാൽ ശ്രീ.ടി.പി.നിസ്സാറിന് 30.04.2015 ലെ ജി1-17206/20211 നമ്പർ ഉത്തരവ് പ്രകാരം ഇ3-സെക്ഷന്റെ ചുമതല ലഭിക്കുമ്പോൾ അനധികൃത നിർമ്മാണം സംബന്ധിച്ച ആദ്യ ഫയൽ (ഇ3-10238/16) സംബന്ധിച്ചും, ആയത് കൈമാറി ലഭിച്ചിട്ടുണ്ടോയെന്നും അറിയുന്നതിനായി ടിയാനോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും, നിലവിൽ അനധികൃത നിർമ്മാണം പൊളിച്ച് മാറ്റിയിട്ടുള്ളതാണെന്നും പൊന്നാനി നഗരസഭ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിവിലേക്കും അനന്തര നടപടികൾക്കായി പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ടിലെ കണ്ടെത്തലുകൾ, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പ്രകാരം വിശദമായി പരിശോധിച്ചതിൽ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ അനധികൃത നിർമ്മാണം നിലവിൽ പൊളിച്ചുമാറ്റിയിട്ടുണ്ട്. കൂടാതെ ആരോപണവിധേയരായ ജീവനക്കാർക്കെതിരെ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന പ്രവൃത്തികളൊന്നും ചെയ്തതായി റിപ്പോർട്ടിൽ കാണുന്നില്ല. ശ്രീ.മുഹമ്മദ് നിസാർ 31.03.2017-ൽ വിരമിച്ചിട്ടുള്ളതുമാണ്.

6. മേൽ സാഹചര്യത്തിൽ പൊന്നാനി നഗരസഭയിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ സെക്ഷൻ ക്ലാർക്ക് ശ്രീ. ബിഹാസ്.ജെ., സൂപ്രണ്ട് ശ്രീ. മുഹമ്മദ് നിസാർ എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർനടപടി ഒഴിവാക്കി അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ശ്രീ. ബിഹാസ്.ജെ., സെക്ഷൻ ക്ലാർക്ക് പൊന്നാനി നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ. മുഹമ്മദ് നിസാർ , സൂപ്രണ്ട്, പൊന്നാനി നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 06-12-2023 10:01:28

സെക്ഷൻ ഓഫീസർ